# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 3423 — 14.10.2011 -ൽ മറുപടിയ്ക്ക്

## ഇ.എഫ്.എൽ ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ഇ. എസ്. ബിജിമോൾ | ശ്രീ. കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) |
| എ) ഇ.എഫ്.എൽ. ആക്ട് പ്രകാരം സംസ്ഥാനത്ത് ഏറ്റെടുത്ത ഭൂമി എത്ര ; ഏതെല്ലാം വ്യക്തികളിൽ നിന്ന് എത്ര ഭൂമി ഏറ്റെടുത്തു ; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ ; | എ) 2003-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) നിയമത്തിന്റെ വകുപ്പ് 3 (1) പ്രകാരം 10.10.2011 വരെ 1047 ബീറ്റുകളിലായി 14049.40990 ഹെക്ടറോളം ഭൂമി 86 ഗസറ്റ് വിജ്ഞാപനങ്ങളിലൂടെ സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. എന്നാൽ ഇ.എഫ്.എൽ ആയി നിക്ഷിപ്തമാക്കപ്പെട്ട മുഴുവൻ ഭൂമിയുടെയും സർവ്വേയും അതിർത്തിനിർണ്ണയവും പൂർത്തിയായിട്ടില്ല. ഇപ്രകാരം ഏറ്റെടുക്കപ്പെട്ട ഭൂമിയുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| ജില്ല | വിസ്തീർണ്ണം ഹെക്ടറിൽ (ഏകദേശം) |
|---|---|
| തിരുവനന്തപുരം | 881.7584 |
| കൊല്ലം | 273.7233 |
| ഇടുക്കി | 1255.5515 |
| തൃശൂർ | 75.7646 |
| പാലക്കാട് | 5209.63270 |
| മലപ്പുറം | 1264.8894 |
| കോഴിക്കോട് | 1525.66680 |
| വയനാട് | 2688.0761 |

| | |
|---|---|
| കണ്ണൂർ | 779.4644 |
| കാസർഗോഡ് | 94.8827 |
| ആകെ | **14049.40990** |

ബി) ഏറ്റെടുത്ത ഭൂമിയ്ക്കുള്ള കോമ്പൻസേഷൻ ആർക്കെല്ലാം നല്കുവാനുണ്ട് ; എത്ര തുകയെന്ന് വ്യക്തമാക്കാമോ ;

ബി) 2003-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) നിയമത്തിന്റെ വകുപ്പ് 3 (1) പ്രകാരം ഏറ്റെടുക്കുന്ന ഭൂമിക്ക് കോമ്പൻസേഷൻ നൽകാൻ വ്യവസ്ഥയില്ല. ചോദ്യം(എ)യ്ക്കുള്ള ഉത്തരത്തിൽ പറഞ്ഞത്രയും ഭൂമി നിയമത്തിന്റെ വകുപ്പ് 3 (1) പ്രകാരം ഏറ്റെടുത്തതാണ്. ടി നിയമത്തിന്റെ വകുപ്പ് 4 (1) പ്രകാരം ഏറ്റെടുക്കുന്ന ഭൂമിയ്ക്ക് മാത്രമേ കോമ്പൻസേഷൻ ലഭിക്കാൻ അർഹതയുള്ളു. എന്നാൽ വകുപ്പ് 4 (1) പ്രകാരം ഇതുവരെ ഭൂമിയൊന്നും തന്നെ ഏറ്റെടുത്തിട്ടില്ല.

സി) ഏതൊക്കെ ജില്ലകളിൽ എത്ര ഭൂമി ഏറ്റെടുക്കുവാനുണ്ട്, വ്യക്ത മാക്കുമോ ?

സി) 2003-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) നിയമത്തിന്റെ വകുപ്പ് 2 (ബി) (i), 2 (ബി) (ii ) എന്നീ വകുപ്പുകളിൽ പ്രതിപാദിച്ചിരിക്കുന്ന തരത്തിലുള്ള ഭൂമിയാണ് പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശമായി വിജ്ഞാപനം ചെയ്യുന്നത്. പ്രസ്തുത നിയമത്തിന്റെ 2 (ബി) (i) വകുപ്പിൽ പ്രതിപാദിച്ചിരിക്കുന്ന പരിസ്ഥിതി ദുർബല പ്രദേശം ടി

നിയമത്തിന്റെ 3 (1) വകുപ്പ് പ്രകാരം 02.06.2000 മുതൽ സർക്കാരിൽ നിക്ഷിപ്തമാണ്. ഇത്തരത്തിലുള്ള ഭൂമി കണ്ടെത്തുന്ന മുറയ്ക്ക് അവ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ സ്ഥലത്തിന്റെ താലൂക്ക്, വില്ലേജ്, സർവ്വേ നമ്പർ, അതിർത്തികൾ എന്നിവ ശരിയാണെന്ന് കണ്ടെത്തി നൽകുന്ന സാക്ഷ്യപത്ര സഹിതം ബന്ധപ്പെട്ട കൺസർവേറ്റർ മുഖേന ഇ.എഫ്.എൽ കസ്റ്റോഡിയന് ശുപാർശ സമർപ്പിക്കുകയും ടി പ്രദേശം വകുപ്പിന്റെ സെക്ഷൻ 3 (ii) പ്രകാരം ഇ.എഫ്.എൽ കസ്റ്റോഡിയൻ സർക്കാർ ഗസറ്റിൽ വിജ്ഞാപനം ചെയ്യുകയുമാണ് ചെയ്തുവരുന്നത്. ഇപ്രകാരം ലഭിക്കുന്ന ശുപാർശയുടെ അടിസ്ഥാനത്തിൽ ഇപ്പോഴും നിക്ഷിപ്തമാക്കപ്പെട്ട ഭൂമി വിജ്ഞാപനം ചെയ്യുന്ന നടപടി നടന്നുവരുന്നു. ആയതിനാൽ ഏതൊക്കെ ജില്ലകളിൽ എത്ര ഭൂമി ഇനിയും ഏറ്റെടുക്കുവാനുണ്ട് എന്ന് ഇപ്പോൾ വ്യക്തമാക്കുവാൻ സാധിക്കുകയില്ല.

സെക്ഷൻ ഓഫീസർ